LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു നടപടി

20 (*590) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. ഹംസ:
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വകുപ്പിന്റെ പരിശോധനാവിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ ആക്ടുകളും റൂളുകളും ലംഘിച്ചാൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് ;

(ഡി) ഫാക്ടറി തൊഴിലാളികളിലെ തൊഴിൽ ജന്യരോഗങ്ങൾ കണ്ടു പിടിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഫാക്ടറികളിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ ക്ഷേമ കാര്യങ്ങൾ പരിശോധിക്കുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ വനിതാ ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ) കേരളത്തിലെ ഫാക്ടറികൾ രജിസ്റ്റർ ചെയ്യുന്നതും വർഷാവർഷം അത് പുതുക്കി കൊടുക്കുന്നതും ഇപ്പോൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇതിനായി അവശ്യംവേണ്ട സോഫ്റ്റ്വെയർ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും, വിവരങ്ങളും പൊതുജനങ്ങൾക്കും ഫാക്ടറി ഉടമകൾക്കും വകുപ്പിന്റെ വെബ്സൈറ്റിൽനിന്നും ലഭ്യമാക്കുന്നതിനും e-mail വഴി പരാതി സ്വീകരിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ എല്ലാ ഓഫീസുകളും ഘട്ടംഘട്ടമായി മോഡൽ ഓഫീസാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി എറണാകുളം ജോയിന്റ് ഡയറക്ടർ ഓഫീസ് മോഡൽ ഓഫീസാക്കി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(ബി) ഈ സർക്കാരിന്റെ കാലത്ത് പരിശോധനാ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 5 ഇൻസ്പെക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്.

(സി) കേരള ഫാക്ടറീസ് ആക്ട് 1948 സെക്ഷൻ 92 പ്രകാരം മാരകമായ അപകടങ്ങൾ സംഭവിക്കുന്ന ഫാക്ടറികൾക്ക് പ്രൊഹിബിഷൻ ഉത്തരവ് നൽകിവരുന്നു. നിയമലംഘനം നടത്തിയാൽ സാധാരണഗതിയിൽ ഒരു

ലക്ഷം രൂപ പിഴയും രണ്ടുവർഷംവരെ കഠിന തടവോ അല്ലെങ്കിൽ ഇവ രണ്ടുംകൂടി ഒരുമിച്ചോ അനുഭവിക്കുന്നതിന് നിയമമുണ്ട്. കൂടാതെ ഈ വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലാ ഓഫീസുകളിലായി മാരകമായി അപകടങ്ങൾ സംഭവിക്കുന്ന ഫാക്ടറികൾ പരിശോധിക്കുന്നതിനുവേണ്ടി ഓരോ സേഫ്റ്റി സെൽ പ്രവർത്തിക്കുന്നുണ്ട്. കെമിക്കൽ ഇൻസ്പെക്ടർ, ഫാക്ടറി ഇൻസ്പെക്ടർ, മെഡിക്കൽ ഓഫീസർ എന്നിവർ അടങ്ങുന്നതാണ് സേഫ്റ്റി സെൽ.

(ഡി) തൊഴിൽ ജന്യരോഗങ്ങൾ കണ്ടുപിടിക്കാനായി ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് (മെഡിക്കൽ)-ന്റെ നേതൃത്വത്തിൽ ഓക്യുപ്പേഷണൽ ഹെൽത്ത് സ്റ്റഡി നടത്തുന്നുണ്ട്.

(ഇ) നിയോഗിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് ട്രൈബൽ മിഷൻ

21 (*591) ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്നു മുതലാണ് ഇത്തരത്തിൽ ഒരു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചതെന്നും ഇതുവരെ പ്രസ്തുത മിഷൻ ഈ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ടെന്നും വിശദീകരിക്കുമോ ;

(സി) വനവാസ നിയമ പ്രകാരം എത്ര ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സ്വന്തമായി ഭൂമി ലഭിക്കാൻ അർഹതയുള്ളത് എന്നാണ് മിഷൻ കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ട്രൈബൽ മിഷൻ രൂപീകരിച്ചശേഷം ഇതുവരെ എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി നൽകാൻ സാധിച്ചു എന്നറിയിക്കുമോ ;

(ഇ) ഈ വർഷം ഇനി എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതി അനുസരിച്ച് സ്വന്തമായി ഭൂമി നൽകുമെന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

LIBRARY ARCHIVES Kerala Legislative Assembly